പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 151 — 07.12.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>" എളമരം കരീം :<br>" എം. ഹംസ :<br>" പി.ടി.എ റഹീം : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നിലനിർത്താനും ശമ്പളവും പെൻഷനും ഉറപ്പാക്കി കിട്ടാനും തൊഴിലാളികൾക്ക് സമരം നടത്തേണ്ടി വരുന്ന സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യെ സാമൂഹ്യ പ്രതിബദ്ധതയുള്ള സാമ്പത്തിക സ്വാശ്രയത്തമുള്ള ഒരു സ്ഥാപനമായി നിലനിർത്തുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നല്കുകയും അതിലെ നിർദേശങ്ങൾ നടപ്പിലാക്കിവരികയുമാണ്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഫണ്ട് രൂപീകരിച്ച് 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തു കഴിഞ്ഞു. 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ തുക 15,000 രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. അതിൽ 2015 ജനുവരി മാസത്തെ ടി കുടിശ്ശിക പെൻഷൻ (15,000 രൂപയ്ക്ക് മുകളിലുള്ള തുക) 2015 നവംബർ 30-ാം തീയതി വിതരണം ചെയ്തിട്ടുണ്ട്. 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടിശ്ശിക പെൻഷൻ തുക 2015 ഡിസംബർ മാസത്തിൽ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.<br>ജീവനക്കാർക്ക് ശമ്പളം തനതുമാസത്തെ അവസാനത്തെ ദിവസംതന്നെ കൃത്യമായി വിതരണം ചെയ്ത് വരികയാണ്. ആകയാൽ ശമ്പളത്തിനും പെൻഷനുമായി തൊഴിലാളികൾക്ക് സമരം ചെയ്യേണ്ട സാഹചര്യം നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ നയങ്ങൾ കെ.എസ്. ആർ.ടി.സി-യെ ദുരന്തത്തിലെച്ചിരിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മരുന്നും ഭക്ഷണവുമില്ലാതെ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന കെ.എസ്. ആർ.ടി.സി. പെൻഷൻകാരെത്രയാണെന്നതിന്റെ വിവരം ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ : | (ബി) | ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആകയാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | ബസ്ചാർജ് വർദ്ധിപ്പിച്ചിട്ടും സെസ് ഏർപ്പെടുത്തിയിട്ടും കെ.എസ്.ആർ. ടി.സി.യെ രക്ഷപ്പെടുത്താൻ ഉതകുന്ന നിലയിൽ പ്രവർത്തിക്കാൻ തയ്യാറാകത്തതായ ആക്ഷേപം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ യാത്രാ സൗജന്യങ്ങളുടെ പേരിൽ കെ.എസ്.ആർ.ടി.സി. ക്ക് നൽകേണ്ടിയിരുന്നതുൾപ്പെടെയുള്ള തുക നൽകിയിട്ടുണ്ടോ ; | (സി) | 2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്ന തിന് അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ Cess ഇനത്തിൽ തുക ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്. ആർ.ടി.സി.ക്ക് 6 കോടിയിൽപരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. ഈ തുക |

പ്രയോജനപ്പെടുത്തി 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തു കഴിഞ്ഞു. പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് കൃത്യമായി പെൻഷൻ നൽകുവാൻ കഴിയുന്നുണ്ട്.

സാമൂഹ്യ പ്രതിബദ്ധത ഇനത്തിൽ കോർപ്പറേഷന് ചെലവായ തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി. നിലവിൽ സർക്കാരിൽ നിന്നും സാധ്യമായ സാമ്പത്തിക സഹായങ്ങൾ കോർപ്പറേഷന് അനുവദിച്ച് വരുന്നുണ്ട്. 2008-09 മുതൽ 2013-14 വരെ സർക്കാർ നോൺ-പ്ലാൻ വായ്പയായി കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ ആകെ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ വിതരണം കൃത്യമായി നടത്തുന്ന തിന് ഇതുവരെ 134.40 കോടി രൂപ നോൺ-പ്ലാൻ വിഹിതമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഭാവിയിൽ ഓരോ യാത്രക്കാരിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതയിനത്തിലുണ്ടാകുന്ന കോർപ്പറേഷന്റെ നഷ്ടം നിയമാനുസൃത അക്കൗണ്ടിംഗ് സംവിധാനം അനുസരിച്ച് രേഖപ്പെടുത്തുവാനും അത്തരം രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായ ക്ലെയിം സമർപ്പിക്കുവാനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. യ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | സമരത്തെ തുടർന്ന് സംഘടനകളുമായി ഒത്തുതീർപ്പിലായ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഡി) | 20.10.2015-ന് തൊഴിലാളി സംഘടന നടത്തിയ പണിമുടക്കിനു മുന്നോടിയായി ഗതാഗത വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 16.10.2015-നു വിളിച്ചു ചേർത്ത അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ചർച്ചാ യോഗത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിന്നിരുന്നതിനാൽ തീരുമാനിക്കാനാകാത്ത വിഷയങ്ങൾ 23.11.2015-ന് ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എല്ലാ താത്ക്കാലിക വിഭാഗം ജീവനക്കാരുടെയും വേതനത്തിൽ 01.12.2015 മുതൽ 40/- രൂപയുടെ വർദ്ധനവ് വരുത്തുന്നതിനും അംഗീകൃത സംഘടനകൾ അവകാശപത്രികകൾ സമർപ്പിക്കുന്ന മുറയ്ക്ക് ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കുന്നതിനും. വരുമാനം വർദ്ധിപ്പിക്കുന്നതിന് 01.01.2016 മുതൽ പുതിയ ഇൻസന്റീവ് സ്കീം നടപ്പാക്കുന്നതിനും വനിതാ ജീവനക്കാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ യൂണിറ്റുകളിലും ഒരുക്കുന്നതിനും, കുടിശ്ശിക ക്ഷാമബത്തയിൽ എത്ര ശതമാനം ഏതു മാസം മുതൽ അനുവദിക്കാം എന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ